"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ടൗൺ പ്ലാനർ ശ്രീമതി . പി . ആർ . ജയശ്രീ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിക്കുന്നത് - OA 2311/2019-ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28.01.2021 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.290/2022/LSGD തീയതി,തിരുവനന്തപുരം, 09-02-2022

---

പരാമർശം:-

1. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 2311/2019 ഹർജിയിൽ 28.01.2021 തീയതിയിലെ വിധിന്യായം.
2. 10.10.2019 തീയതിയിലെ സഉ(സാധാ) നം.2229/2019/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ടൗൺ പ്ലാനറായിരുന്ന ശ്രീമതി.പി.ആർ.ജയശ്രീ വിശാല കൊച്ചി വികസന അതോറിറ്റിയിൽ ടൗൺ പ്ലാനർ തസ്തികയിൽ അന്യത്ര സേവനത്തിൽനിന്നും വിടുതൽ ചെയ്ത് വകുപ്പിൽ നിയമനത്തിനായി കാത്തിരുന്ന 01.07.2017 മുതൽ 21.11.2017 വരെയുള്ള കാലം ടൗൺ പ്ലാനർ തസ്തികയിൽ വകുപ്പിൽ ഒഴിവില്ലായിരുന്നതിനാൽ അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിനെതിരെ ശ്രീമതി.പി.ആർ.ജയശ്രീ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA 2311/2019 ഹർജി ഫയൽ ചെയ്തിരുന്നു.ആയതിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 1-ലെ വിധിന്യായം ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു .

*'The Original Application is accordingly allowed. Annexure A14(പരാമർശം 2-ലെ ഉത്തരവ്) order to the extent it regularize the compulsory waiting period as eligible leave is accordingly set aside.The first respondent is directed to issue appropriate orders regularizing the compulsory waiting period as duty for all purpose including pay and allowances.The respondents will ensure that the orders are issued within a period of two months from the date of receipt of a copy of this order and the consequential benefits disbursed to the applicant within a further period of one month therefrom.On issuance of such orders and regularization of the compulsory waiting period , the applicant will be eligible for increments from the year 2017 onwards, which shall also be disbursed without further delay.'*

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടൗൺ പ്ലാനറായിരുന്ന ശ്രീമതി.പി.ആർ.ജയശ്രീ നിയമനത്തിനായി കാത്തുനിന്ന 01.07.2017 മുതൽ 21.11.2017

വരെയുള്ള കാലം ടൗൺ പ്ലാനർ തസ്തികയിൽ വകുപ്പിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ടി തസ്തികയിലെ ജൂനിയർ മോസ്റ്റായ ശ്രീമതി.എം.വി.ഷാരിയെ 01.07.2017 പ്രാബല്യത്തിൽ നോഷണലായി റിവേർട്ട് ചെയ്ത് ഒഴിവുണ്ടായിരുന്ന ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ നിയമിച്ചും ആയത് പ്രകാരം നിലവിൽ വന്ന ഒഴിവിൽ ടൗൺ പ്ലാനർ തസ്തികയിൽ ശ്രീമതി.പി.ആർ.ജയശ്രീയെ നിയമിച്ചും തുടർന്ന് 21.11.2017 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന ടൗൺ പ്ലാനർ തസ്തികയിലെ ഒഴിവിൽ ശ്രീമതി എം.വി.ഷാരിയെ സ്ഥാനക്കയറ്റം നൽകി നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം ( 1 ) ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം മേൽ പറഞ്ഞപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
അഡ്വക്കറ്റ് ജനറൽ ,കേരളം കൊച്ചി.(ആമുഖ കത്ത് സഹിതം)
ബന്ധപ്പെട്ട ജീവനക്കാർ (മുഖ്യ നഗരാസൂത്രകൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/252/2019-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ